## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .6563 — 21-11-2019 -ൽ മറുപടിക്ക്

### കൽപ്പറ്റ മണ്ഡലത്തിൽ ദുരന്ത പ്രതികരണ നിധിയിൽനിന്നുളള പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി. കെ. ശശീന്ദ്രൻ | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കൽപ്പറ്റ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | എ) & ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് ഫണ്ടോ ഭരണാനുമതിയോ അനുവദിക്കാറില്ല. |
| ബി) | ഇത്തരത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തിയായവ ഏതെല്ലാം; ടെണ്ടർ ചെയ്ത പ്രവൃത്തികൾ ഏതെല്ലാം; ഇതുവരെ ടെണ്ടർ ചെയ്തിട്ടും ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഏതെല്ലാം; ഇനിയും ടെണ്ടർ ചെയ്യാനുള്ള പ്രവൃത്തികൾ ഏതെല്ലാം; വിശദമാക്കുമോ; | | |
| സി) | പുനരുദ്ധാരണ പ്രവൃത്തികൾ അനുവദിച്ച തദ്ദേശസ്വയംഭരണ സ്ഥാപനം ഭരണാനുമതി തീയതി മുതൽ ആറു മാസത്തിനുള്ളിൽ അനുവദിച്ച പ്രവൃത്തി നിർവ്വഹിക്കാനുള്ള കരാറിൽ ഏർപ്പെട്ട് പ്രസ്തുത കരാർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചില്ലെങ്കിൽ ഭരണാനുമതി റദ്ദാകുമെന്ന നിർദ്ദേശം പ്രാവർത്തികമാക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പുന:പരിശോധിച്ച് കരാറിൽ ഏർപ്പെടുന്ന സമയം ദീർഘിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ; | സി) & ഡി) | ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ അടിയന്തിര സ്വഭാവമുള്ളവയാണ്. പ്രസ്തുത നിധി അടിയന്തിരമായി 90 ദിവസത്തിനുള്ളിൽ ചെയ്ത് തീർക്കേണ്ട പ്രവൃത്തികൾക്ക് വേണ്ടിയാണ് വിനിയോഗിക്കാവുന്നത്. എന്നിരുന്നാലും നിലവിൽ പ്രകൃതിക്ഷോഭത്തിൽ നാശം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഒന്നര വർഷത്തെ സാവകാശം അനുവദിക്കുന്നുണ്ട്. ഭരണാനുമതി തീയതി മുതൽ 6 മാസത്തിനുള്ളിൽ പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കരാർ വച്ച് കരാർ ജില്ലാ |

| | | | |
|---|---|---|---|
| ഡി) | ഇത്തരത്തിൽ റദ്ദ് ചെയ്യപ്പെടുന്ന കരാറുകൾ പുതുക്കി നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ; ഇത്തരത്തിൽ കരാർ വയ്ക്കുന്നതിന് കഴിയാതെ ഏതൊക്കെ പ്രവൃത്തികളുടെ ഭരണാനുമതി റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ട്? | | കളക്ടർക്ക് സമർപ്പിച്ചില്ലെങ്കിൽ പ്രസ്തുത ഭരണാനുമതി റദ്ദാകുന്നതാണ്. പ്രവൃത്തികളുടെ അടിയന്തിര സ്വഭാവം കണക്കിലെടുക്കുമ്പോൾ പ്രസ്തുത കാലയളവ് മതിയായ കാലയളവാണ്. അപ്രതീക്ഷിതവും ഒഴിവാക്കാനാകാത്തതുമായ കാരണങ്ങളാൽ സമയബന്ധിതമായി കരാറിലേർപ്പെടാതെ ഭരണാനുമതി റദ്ദായിപ്പോകുന്ന പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് വ്യക്തമായ കാരണം സഹിതം റിപ്പോർട്ട് ചെയ്യുന്ന കേസുകൾ പ്രത്യേകമായി പരിഗണിച്ച് ആവശ്യകത ബോധ്യപ്പെടുന്ന പ്രവൃത്തികൾക്ക് പുതിയ ഭരണാനുമതി നൽകാറുണ്ട്. ഭരണാനുമതി റദ്ദാകുന്ന പ്രവൃത്തികളുടെ കാലാവധി നീട്ടി നൽകാനാവില്ല. 27.03.2018-തീയതിയിലെ സ.ഉ.(കൈ)നം. 03/2018/ഡി.എം.ഡി. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി തീയതി മുതൽ 6 മാസത്തിനകം തദ്ദേശ സ്വയംഭരണ സ്ഥാപനം നിർവ്വഹണത്തിനുള്ള കരാറിലേർപ്പെട്ട് പ്രസ്തുത കരാർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചില്ലെങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി റദ്ദാകുന്നതാണ്. അപ്രകാരം റദ്ദാകുന്ന പ്രവൃത്തികളുടെ ലിസ്റ്റ് പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ